| 05–11–2021 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ, വിചാര സാഗര മഥനം ചെയ്ത് സേവനത്തിനുള്ള ഭിന്ന-ഭിന്ന യുക്തികൾ കണ്ടെത്തൂ, അതിലൂടെ എല്ലാവർക്കും ബാബയുടെ പരിചയം ലഭിക്കട്ടെ.**

**ചോദ്യം:–** ബാബ ഓരോ കുട്ടിക്കും ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിനുള്ള ഏതൊരു യുക്തിയാണ് പറഞ്ഞ് തരുന്നത്?
**ഉത്തരം:–** തന്റെ ഉയർന്ന ഭാഗ്യം ഉണ്ടാക്കുന്നതിന് വേണ്ടി ഉള്ളിൽ നിന്ന് എല്ലാ മോശമായ ശീലങ്ങളേയും ഒഴിവാക്കൂ. കള്ളം പറയുക, ദേഷ്യപ്പെടുക ഇതല്ലാം വളരെ മോശമായ ശീലങ്ങളാണ്. സേവനത്തിനുള്ള താത്പര്യം കാണിയ്ക്കൂ. ബാബ നിരഹങ്കാരിയായി സേവനം ചെയ്യുന്നത് പോലെ എത്ര സാധിക്കുമോ മറ്റുള്ളവരുടെ മംഗളാർത്ഥം ആത്മീയ സേവനത്തിൽ മുഴുകിയിരിക്കൂ.

**ഗീതം:–** മരിക്കുന്നതും നിൻ വഴിയിൽ . . . .

**ഓം ശാന്തി**. മധുര-മധുരമായ കുട്ടികൾ ഏറ്റവും ആദ്യം മനസ്സിലാക്കേണ്ട *പോയന്റ്* ബാബ ആരാണ് എന്നതാണ്! നമ്മൾ പരിധിയില്ലാത്ത ബാബയുടെ സന്താനങ്ങളാണെന്ന നിശ്ചയം എപ്പോഴാണോ ഉണ്ടാകുന്നത് അപ്പോഴാണ് കുട്ടികൾക്ക് അതീന്ദ്രിയ സുഖം അനുഭവമാകുന്നത്. കേവലം ഈ ഒരു കാര്യത്തിലൂടെ തന്നെ സന്തോഷത്തിന്റെ രസം ഉയരുന്നു. ഇതാണ് സ്ഥായിയായ സുഖത്തിനുള്ള *പോയന്റ്*. നിങ്ങൾക്കറിയാം നമ്മൾ സ്വയം ബ്രഹ്മാകുമാരനും കുമാരിയുമെന്നാണ് വിളിക്കപ്പെടുന്നത്. ഇത് പുതിയ രചനയാണ്. അതുകൊണ്ട് ആദ്യം എല്ലാവർക്കും ഇത് നമ്മുടെ പിതാവാണെന്ന നിശ്ചയമുണ്ടായിരിക്കണം. ബാബയ്ക്ക് താഴെയായി പിന്നീട് വിഷ്ണുവിന്റെ ചിത്രമുണ്ട് (ത്രിമൂർത്തിയുടെ ചിത്രം) ബാബയിൽ നിന്ന് വിഷ്ണുപുരിയുടെ സമ്പത്ത് ലഭിക്കുന്നുവെങ്കിൽ എത്ര സന്തോഷമുണ്ടായിരിക്കണം. ഈ നിശ്ചയം ചെയ്യിച്ചതിന് ശേഷം പിന്നീട് എഴുതിക്കണം. വിഷ്ണുവിന്റെ അർത്ഥമായി വൈഷ്ണവരെന്നും പറയാറുണ്ട്. ഈ ദേവീ-ദേവതകൾ നിർവ്വികാരികളായിരുന്നുവെന്ന് ഭാരതവാസിക്ക് നന്നായി അറിയാം. സ്വർഗ്ഗത്തിൽ ഇവരുടെ പവിത്ര പ്രവർത്തീ മാർഗ്ഗമായിരുന്നു. മഹിമ പാടാറുണ്ട് അങ്ങ് സമ്പൂർണ്ണ നിർവ്വികാരിയാണ്, ഞങ്ങൾ വികാരികളാണ്. കലിയുഗത്തിൽ സമ്പൂർണ്ണ വികാരികളാണ്. വികാരിയെയാണ് പതിതനും ഭ്രഷ്ടാചാരിയുമെന്ന് പറയുന്നത്. ക്രോധിയെ പതിതനും ഭ്രഷ്ടാചാരിയുമെന്ന് പറയില്ല. ക്രോധം സന്യാസിമാരിലുമുണ്ട്. അതുകൊണ്ട് ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകണം. ഉയർന്നതിലും ഉയർന്ന ബാബ എപ്പോഴാണോ ഭാരതത്തിൽ വരുന്നത് അപ്പോൾ ഈ മഹാഭാരത യുദ്ധവും തീർച്ചയായും ഉണ്ടാകുന്നു എന്തുകൊണ്ടെന്നാൽ പരമാത്മാവ് വന്ന് പതിത ലോകത്തിൽ നിന്ന് പാവന ലോകത്തിലേക്ക് കൊണ്ടുപോകുന്നു. ശരീരങ്ങളുടെ വിനാശം സംഭവിക്കണം. ഈ നിശ്ചയം ഉണ്ടായിരിക്കണം നമ്മളെ പഠിപ്പിക്കുന്നത് ബാബയാണ് എങ്കിൽ നാം എത്രത്തോളം *റെഗുലറായിരിക്കണം*. ഇവിടെ *ഹോസ്റ്റലില്ല*. *ഹോസ്റ്റൽ* ഉണ്ടാക്കുകയാണെങ്കിൽ പിന്നീട് വളരെയധികം കെട്ടിടങ്ങൾ വേണ്ടി വരും. 7 ദിവസത്തേക്കും, 4 ദിവസത്തേക്കും പോലും വരുമ്പോൾ വളരെ കെട്ടിടങ്ങൾ വേണ്ടിവരും. ബാബ പറയുന്നു ഗൃഹസ്ഥ വ്യവഹാരത്തിൽ കഴിഞ്ഞുകൊണ്ടും കേവലം ബാബയെ ഓർമ്മിക്കൂ. ബാബ തന്നെ പതിത പാവനൻ അത്രമാത്രം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ – ഞാൻ ഗ്യാരണ്ടി നൽകുകയാണ് എങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. നമ്മൾ ശിവബാബയുടെ മക്കളാണ്, വീണ്ടും നമ്മൾ വിശ്വരാജ്യാധികാരത്തിന് അവകാശിയാകുന്നു ആദ്യം ഈ നിശ്ചയം എഴുതിക്കണം. രാജാവും-റാണിയും എല്ലാവരും വിശ്വത്തിന്റെ അധികാരികളാണ്. മേളകളിലും പ്രദർശിനികളിലുമെല്ലാം ആരെല്ലാമാണോ മനസ്സിലാക്കി കൊടുക്കുന്നത്, അവർക്ക് ബാബ നിർദ്ദേശം നൽകുകയാണ്-ഉയർന്നതിലും ഉയർന്ന ഭഗവാൻ ഒന്നുമാത്രമാണ് ഈ മർമ്മമായ കാര്യം മനസ്സിലാക്കി കൊടുക്കണം. ആ ഭഗവാനാണ് ജ്ഞാനത്തിന്റെ സാഗരൻ, പതിത-പാവനൻ. ജ്ഞാനത്തിന്റെ സാഗരനായതുകൊണ്ട് നിർദ്ദേശവും ആ ഭഗവാൻ തന്നെയാണ് നൽകുക. കൃഷ്ണന് നൽകാൻ സാധിക്കില്ല. ശിവബാബയല്ലാതെ മറ്റാരും ഭഗവാനല്ല. ബ്രഹ്മാവും, വിഷ്ണുവും, ശങ്കരനും ദേവതകളാണ്. സ്വർഗ്ഗത്തിലുള്ളത് ദൈവീക ഗുണങ്ങളുള്ള മനുഷ്യരാണ്, ഇവിടെ കലിയുഗത്തിലുള്ളത് ആസുരീയ ഗുണങ്ങളുള്ള മനുഷ്യരാണ്. ഇതും അതിന് ശേഷം മനസ്സിലാക്കി കൊടുക്കണം. ഏറ്റവുമാദ്യം ബാബയുടെ പരിചയം നൽകി തിരുത്തണം. വിചാര സാഗര മഥനം ചെയ്ത് ഭിന്ന-ഭിന്ന യുക്തികൾ രചിക്കണം എന്നിട്ട് ബാബയോട് പറയുകയും വേണം ബാബാ ഇപ്രകാരത്തിലുള്ള ചോദ്യം ചോദിക്കുന്നുണ്ട്, ഞാൻ ഇങ്ങനെയാണ് മനസ്സലാക്കികൊടുത്തത്. പിന്നീട് ബാബയും ഇങ്ങനെയുള്ള *പോയന്റുകൾ* കേൾപ്പിക്കും അത് അവരെ പ്രഭാവിതരാക്കും. ബാബയെ സർവ്വവ്യാപി അഥവാ മത്സ്യ, കൂർമ്മമായി അവതരിച്ചെന്നു പറയുക ഇതും നിന്ദയാണ്, അതുകൊണ്ട് ബാബയുടെ പരിചയം നൽകണം. ബാബ

തന്നെയാണ് വിശ്വത്തിന്റെ അധികാരിയാക്കുന്നത്. ഈ ലക്ഷ്മീ-നാരായണൻ വിശ്വത്തിന്റെ അധികാരികളായിരുന്നു, സതോപ്രധാനമായിരുന്നു. പിന്നീട് പുനർജന്മമെടുത്തെടുത്ത് തമോപ്രധാനമായി. പിന്നീട് ബാബ പറയുന്നു, എന്നെ ഓർമ്മിക്കുകയാണെങ്കിൽ സതോപ്രധാനമായി മാറും. ഏതു ധർമ്മത്തിലുള്ളവരാകട്ടെ ബാബയുടെ സന്ദേശം എല്ലാവർക്കുമുള്ളതാണ്. ബാബയെ പറയുന്നത് *ഗോഡ് ഫാദർ*, *ലിബറേറ്റർ* എന്നാണ്. മുക്തമാക്കുന്നതിന് വേണ്ടി തീർച്ചയായും പതിത ലോകത്തിലേക്ക് വരും. കലിയുഗ അന്ത്യത്തിൽ മുഴുവൻ ലോകവും തന്നെ തമോപ്രധാനമാണ്, എപ്പോൾ സതോപ്രധാനമാകുന്നോ അപ്പോഴാണ് പുതിയ ലോകത്തിലേക്ക് പോകാൻ സാധിക്കുന്നത്. ബാക്കി ആരാണോ അവിടെ വരാത്തത് അവർ ശാന്തിധാമത്തിൽ കഴിയുന്നു. ഇത് ബുദ്ധിയിൽ വ്യക്തമാക്കി കൊടുക്കണം, അതിലൂടെ മനസ്സിലാക്കണം നമുക്ക് ബാബയെ ഓർമ്മിക്കണം. ഒരു ദേഹധാരിയേയും ഓർമ്മിക്കരുത്. ബാബ വിദേഹിയും, വിചിത്രനുമാണ് മറ്റെല്ലാവർക്കും ഭിന്ന-ഭിന്ന ചിത്രങ്ങളുണ്ട്. ആർക്കും മനസ്സിലാക്കി കൊടുക്കുന്നതിനുള്ള താത്പര്യം ഉണ്ടായിരിക്കണം. പ്രദർശിനികളിൽ ധാരാളം പേർ വരാറുണ്ട്. സെന്ററുകളിൽ ഇത്രയും പേർ വരാറില്ല. സേവനത്തിൽ കഴിയുന്നതിലൂടെ കുട്ടികൾക്ക് വളെയധികം ഉത്സാഹമുണ്ടായിരിക്കും. ഇവിടെ ബാബയെ എപ്പോഴും മറക്കുന്നു. സേവനത്തിൽ കഴിയുകയാണെങ്കിൽ ഓർമ്മയുടെ യാത്ര മറക്കുകയില്ല. സ്വയവും ഓർമ്മിക്കും മറ്റുള്ളവരെയും ഓർമ്മിപ്പിക്കും. നിങ്ങൾ കുട്ടികൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. നമ്മൾ രാജ്യം തീർച്ചയായും നേടുമെന്ന് നിങ്ങളുടെ ബുദ്ധിയിലുണ്ട്. ഈ ഓർമ്മ നിലനിൽക്കുകയാണെങ്കിൽ പോലും സന്തോഷമുണ്ടായിരിക്കും. മറക്കുന്നതിലൂടെയാണ് പരിഭ്രാന്തരാകുന്നത്. ബാബയ്ക്ക് എഴുതണം ബാബാ ഞങ്ങൾ അതീന്ദ്രിയ സുഖത്തിലാണ്. കുറച്ച് സമയത്തിനുള്ളിൽ ഞങ്ങൾ സുഖധാമത്തിലേക്ക് പോകും. 63 ജന്മം ഞങ്ങൾ വളരെ രോഗികളായിരുന്നു. മരുന്നുകളൊന്നും ലഭിക്കാതെ വ്രണമായി. രക്ഷയൊന്നും ലഭിച്ചില്ല, രോഗമങ്ങനെ ഉള്ളിന്റെ ഉള്ളിലേക്ക് പടർന്നു. ഇത് അങ്ങനെയുള്ള രോഗമാണ് അത് അവിനാശി സർജനില്ലാതെ ഒരിക്കലും മാറില്ല. ഇപ്പോൾ എല്ലാവരുടെ രോഗവും മാറാനുള്ള സമയമാണ്. പവിത്രമായി മുക്തിധാമത്തലേക്ക് പോകും. ചിലർ പറയാറുണ്ട് മുക്തിയിൽ ഇരിക്കുന്നതാണ് നല്ലത്, പാർട്ടേ വേണ്ട. നാടകത്തിൽ ആരെങ്കിലും അഥവാ ചെറിയ പാർട്ടാണ് അഭിനയിക്കുന്നതെങ്കിൽ അവരെ *ഹീറോ-ഹീറോയിൻ* അഥവാ ഉയർന്ന അഭിനേതാവെന്ന് പറയില്ല. ബാബ പറയുന്നു എത്ര സാധിക്കുമോ ബാബയെ ഓർമ്മിക്കൂ എങ്കിൽ ഉറച്ചവരാകും. ഓർമ്മ മറക്കരുത്. ഒരു ബാബയാണ് മുഖ്യം. ബാക്കി ഇതെല്ലാം മനസ്സിലാക്കി കൊടുക്കുന്നതിനുള്ള ചെറിയ ചെറിയ ചിത്രങ്ങളാണ്, ഇതിലൂടെ തെളിയിക്കണം ശിവനും-ശങ്കരനും ഒന്നല്ല. സൂക്ഷ്മവതനത്തിൽ ഒരു സംഭവവും നടക്കുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം അതെല്ലാം ഭക്തി മാർഗ്ഗമാണ്, ജ്ഞാനം നൽകുന്നത് ഒരേഒരു ബാബയാണ്. അത് നൽകുന്നത് സംഗമത്തിലാണ്, ഇത് പക്കയാക്കൂ. ഭാരതവാസികൾക്ക് കൽപ-കൽപം സ്വർഗ്ഗത്തിന്റെ സമ്പത്ത് ലഭിക്കുക തന്നെ ചെയ്യുന്നുണ്ട്. അയ്യായിരം വർഷത്തിന്റെ കാര്യമാണ്. അവർ പിന്നീട് ലക്ഷം വർഷങ്ങളെന്ന് പറയുന്നു. അവർ പറയുന്നു കലിയുഗം മാത്രം ലക്ഷക്കണക്കിന് വർഷങ്ങളുണ്ടെന്ന് നമ്മൾ പറയുന്നു ഈ മുഴുവൻ ചക്രം തന്നെ അയ്യായിരം വർഷത്തിന്റേതാണ്. എത്ര വലിയ പൊള്ളത്തരമാണ് പറഞ്ഞിരിക്കുന്നത്. അല്ലയോ പതിത-പാവനാ എന്ന് വിളിക്കുന്നുണ്ട്. കൃഷ്ണനെ പതിത-പാവനനെന്ന് പറയില്ല. ഒരു ധർമ്മത്തിലുള്ളവരും കൃഷ്ണനെ മുക്തിദാതാവെന്ന് പറയില്ല. അല്ലയോ പതിത-പാവനാ എന്ന് പറഞ്ഞ് വിളിക്കുമ്പോൾ ബുദ്ധി മുകളിലേക്ക് പോകുന്നു എന്നിട്ടും മനസ്സിലാക്കുന്നില്ല. മായയുടെ അന്ധകാരം എത്രയാണ്, തെറ്റിൽ തന്നെ കുടുങ്ങിയിരിക്കുന്നു. പറയുന്നു ശാസ്ത്രം അനാദിയാണ്. എന്നാൽ സത്യ ത്രേതായുഗത്തിൽ ഇത് ഉണ്ടായിരിക്കില്ല. ഈ പഠിത്തം അങ്ങനെയുള്ളതാണ് ഇത് രോഗാവസ്ഥയിൽ പോലും ക്ലാസ്സിലിരുന്ന് പഠിക്കാൻ സാധിക്കും. ഇവിടെ ഒഴിവ് കഴിവ് നടക്കില്ല. പശു വളരെ നല്ലതാണ്, എന്നാൽ ചിലത് തൊഴിക്കാറുമുണ്ട്. ഇവിടെയും ആരിലെങ്കിലും ക്രോധമുണ്ടെങ്കിൽ അഹങ്കാരത്തിന് വശപ്പെട്ട് തൊഴിക്കുകയും ചെയ്യും. *ഡിസ്സർവ്വീസ്* ചെയ്യുന്നു. ഒരവഗുണവും ഉണ്ടായിരിക്കരുത്. എന്നാൽ കർമ്മബന്ധനം ഇങ്ങനെയാണ് അത് ഉയർന്ന പദവി നേടാൻ അനുവദിക്കില്ല. ബാബ ഉയർന്ന ഭാഗ്യമുണ്ടാക്കുന്നതിനുള്ള വഴിയാണ് പറഞ്ഞ് തരുന്നത്. എന്നാൽ ആരും ഉണ്ടാക്കുന്നില്ലെങ്കിൽ ബാബ എന്ത് ചെയ്യും, വളരെ വലിയ സമ്പാദ്യമാണ്. സമ്പാദിക്കുന്നതിനുള്ള ലഹരി ഉണ്ടായിരിക്കണം. സമ്പാദിക്കുന്നില്ലെങ്കിൽ ഫലമെന്തായിരിക്കും! കൽപ-കൽപം ഇതേ അവസ്ഥയാകും. ബാബ എല്ലാവർക്കും ജാഗരൂകരാക്കുകയാണ്, *ഇൻസൽട്ട്* ചെയ്യുകയല്ല. കുട്ടികളിൽ ഒരു മോശമായ ശീലവും ഉണ്ടായിരിക്കരുത്. കള്ളം പറയുന്നത് വളരെ മോശമാണ്. യജ്ഞത്തിന്റെ സേവനം വളരെ സന്തോഷത്തോടെ ചെയ്യണം. ബാബയുടെ അടുത്ത് വരികയാണെങ്കിൽ ബാബ സേവനം ചെയ്യുന്നതിനുള്ള സൂചന നൽകുന്നു. ആരാണോ നിങ്ങളെ പഠിപ്പിക്കുന്നത് അവരുടെ സേവനം തീർച്ചയായും ചെയ്യണം. സേവനം ചെയ്യാൻ ബാബ പഠിപ്പിക്കുന്നു. നോക്കൂ, ഉയർന്നതിലും ഉയർന്ന ബാബ പോലും എത്ര സേവനമാണ് ചെയ്യുന്നത്. ഏതെല്ലാം കർമ്മമാണോ അജ്ഞാനത്തിൽ പോലും ചെയ്യാതിരുന്നത്, അത് വരെ ചെയ്യേണ്ടി വന്നു. അത്രയും

നിരഹങ്കാരിയായി. നിയമ വിരുദ്ധമായി ഒരു കർമ്മവും ചെയ്യരുത്. എത്ര സാധിക്കുമോ മറ്റുള്ളവരുടെ മംഗളാർത്ഥം എല്ലാം തന്റെ കൈകൾ കൊണ്ട് തന്നെ ചെയ്യണം. നിസ്സഹായ അവസ്ഥയിൽ ആരിലൂടെയെങ്കിലും ചെയ്യിക്കുന്നത് വേറെക്കാര്യം. സ്വയത്തെ നിരഹങ്കാരിയും, നിർമ്മോഹിയുമാക്കണം. ബാബയുടെ ഓർമ്മയില്ലാതെ ആരുടെയും മംഗളം ഉണ്ടാകില്ല. എത്രത്തോളം ഓർമ്മിക്കുന്നോ അത്രത്തോളം പാവനമാകും. ഓർമ്മയിൽ തന്നെയാണ് വിഘ്നമുണ്ടാകുന്നത്. ജ്ഞാനത്തിൽ ഇത്രയും വിഘ്നമുണ്ടാകില്ല, ജ്ഞാനത്തിന്റേതായി അനേകം പോയന്റുകളുണ്ട്. ബാബയെ ഓർമ്മിക്കുന്നതിലൂടെ സുഗന്ധമുള്ള പുഷ്പമാകും. കുറവാണ് ഓർമ്മിക്കുന്നതെങ്കിൽ രത്ന-പ്രഭ മാത്രമായി മാറും. എരിക്കിൻ പൂക്കളുമുണ്ട്. അതുകൊണ്ട് സ്വയത്തെ സുഗന്ധമുള്ള പുഷ്പമാക്കണം. ഒരു ദുർഗന്ധവും ഉണ്ടായിരിക്കരുത്. ആത്മാവിനെ സുഗന്ധപൂരിതമാക്കണം. ഇത്രയും ചെറിയ ബിന്ദുവിൽ മുഴുവൻ ജ്ഞാനവും നിറഞ്ഞിരിക്കുന്നു, അദ്ഭുതമാണ്. സൃഷ്ടി ഒന്നുമാത്രമാണുള്ളത്, താഴെയോ മുകളിലോ സൃഷ്ടി ഇല്ല. ത്രിമൂർത്തിയുടെ അർത്ഥവും നിങ്ങൾക്കറിയാം. അവർ കേവലം ത്രിമൂർത്തീ മാർഗ്ഗ് എന്ന് പേര് നൽകിയിരിക്കുന്നു. ചിലർ ബ്രഹ്മാവിനെ ത്രിമൂർത്തിയെന്ന് പറയുന്നു. ബ്രഹ്മാവിന്റെ ജീവിത കഥ ഒന്നും തന്നെ അറിയില്ല. ശാസ്ത്രങ്ങളിലുള്ളത് ശ്രേഷ്ഠാചാരീ മനുഷ്യരുടെ ജീവിത കഥകളാണ്. ലക്ഷ്മീ-നാരായണൻ, രാധാ-കൃഷ്ണൻ തുടങ്ങി എല്ലാവരും മനുഷ്യരാണ്. എന്നാൽ മറ്റാരുടെയും ജീവിത കഥകളെ ശാസ്ത്രമെന്ന് പറയില്ല. ദേവതകളുടെ ജീവിത കഥയെ ശാസ്ത്രമെന്ന് പറയുന്നു. ബാക്കി ശിവബാബയുടെ ജീവിത കഥ എവിടെ? ബാബ നിരാകാരനാണ്. സ്വയം പറയുന്നു ഞാൻ പതിത-പാവനനാണ്, എന്നെ എല്ലാവരും പിതാവെന്ന് പറഞ്ഞ് വിളിക്കുന്നു. ഞാൻ വന്ന് സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്യുന്നു. ഭാരതം 5000 വർഷങ്ങൾക്ക് മുൻപ് സ്വർഗ്ഗമായിരുന്നു. ഇപ്പോൾ വീണ്ടുമാകണം. എത്ര എളുപ്പമാണ്. എന്നാൽ കല്ലുബുദ്ധി ഇങ്ങനെയാണ് പൂട്ട് തുറക്കുന്നതേയില്ല. ജ്ഞാന യോഗത്തിന്റെ പൂട്ട് ബന്ധിച്ചുതന്നെ കിടക്കുന്നു.

ബാബ പറയുന്നു - വീട്-വീടുകളിൽ സന്ദേശം നൽകൂ ഉയർന്നതിലും ഉയർന്നത് ബാബയാണ്. ആദ്യത്തെ നില മൂലവതനമാണ്, രണ്ടാം നില സൂക്ഷ്മവതനമാണ്, മൂന്നാം നിലയാണ് ഈ സാകാരീ ലോകം. അഥവാ ഈ നിലകളുടെയെങ്കിലും ഓർമ്മ ഉണ്ടായിരിക്കുകയാണെങ്കിൽ കുട്ടികൾക്ക് ആദ്യം ബാബയുടെ ഓർമ്മ തീർച്ചയായും വരും. സേവനത്തിനായി ഓടിനടക്കണം. ബാബ എവിടെയും പോകാൻ വിലക്കുന്നില്ല. കല്യാണത്തിന് പൊയ്ക്കോളൂ, തീർത്ഥാടനത്തിന് പൊയ്ക്കോളൂ, എന്നാൽ സേവനം ചെയ്യുന്നതിനായിരിക്കണം പോകുന്നത്. ഭാഷണം നടത്തൂ - പറയൂ ഒന്നാണ് ആത്മീയ യാത്ര, അടുത്തതാണ് ഭൗതീക യാത്ര. *പോയന്റുകൾ* ധാരാളം ലഭിച്ചുകൊണ്ടിരിക്കുന്നുണ്ട്. വാനപ്രസ്ഥികളുടെ സംഗത്തിൽ പോയി സേവനം ചെയ്യൂ. അവരുടെ കാര്യങ്ങളും കേൾക്കൂ. അവരെന്താണ് പറയുന്നത്. കയ്യിൽ സന്ദേശമുണ്ടായിരിക്കണം. മുഖ്യമായ 4-5 കാര്യങ്ങൾ എഴുതിയിട്ടുണ്ടായിരിക്കണം - ഈശ്വരൻ സർവ്വവ്യാപിയല്ല, ഗീതയുടെ ഭഗവാൻ കൃഷ്ണനല്ല, ഇത് വ്യക്തമായി എഴുതൂ. പഠിപ്പുള്ള ആരെങ്കിലുമുണ്ടെങ്കിൽ മനസ്സിലാക്കും ഇത് ശരിയാണല്ലോ, ഇതിൽ വളരെയധികം സമർത്ഥത ആവശ്യമാണ്. ബാബ ത്രിമൂർത്തിയെക്കുറിച്ചും മനസ്സിലാക്കി തരുന്നു. ഇത് ഇടക്കിടക്ക് പോക്കറ്റിൽ നിന്നെടുത്ത് നോക്കികൊണ്ടിരിക്കൂ. ആർക്കും മനസ്സിലാക്കി കൊടുക്കൂ - ഇത് അച്ഛൻ, ഇത് സമ്പത്ത്. വിഷ്ണുവിന്റെ ചിത്രവും നല്ലതാണ്. *ട്രെയ്നിലും* സേവനം ചെയ്യാൻ സാധിക്കും, ബാബയെ ഓർമ്മിക്കുകയാണെങ്കിൽ വിശ്വത്തിന്റെ അധികാരിയായി തീരും. ധാരാളം സേവനം ചെയ്യാൻ സാധിക്കും. എന്നാൽ പലർക്കും ബുദ്ധി വരുന്നില്ല. വളരെ പുരുഷാർത്ഥം ചെയ്യണം. യുദ്ധത്തിന്റെ മൈതാനത്ത് ഒരിക്കലും ആലസ്യത്തിലിരിക്കരുത്. വളരെ ജാഗ്രത വെയ്ക്കണം. ക്ഷേത്രങ്ങളിൽ ധാരാളം സേവനം സാധ്യമാണ്. കേവലം ബാബ പറയുന്നു മൻമനാഭവ. തമോപ്രധാനത്തിൽ നിന്ന് സതോപ്രധാനമാകൂ. മുഖ്യമായ കാര്യം പക്കയാക്കണം. കുട്ടികൾക്ക് സേവനത്തിന്റെ വളരെയധികം ചിന്ത ഉണ്ടായിരിക്കണം. ത്രിമൂർത്തിയുടെ ചിത്രത്തിൽ മുഴുവൻ ജ്ഞാനവും നിറഞ്ഞിരിക്കുന്നുണ്ട്. ഏണിപ്പടിയും നല്ലതാണ്. ഓരോരുത്തരും ധനം സമ്പാദിക്കുന്നതിന്, അവരവരുടെ ഉന്നതി ഉണ്ടാക്കുന്നതിന് ആഗ്രഹിക്കുന്നുണ്ട്. ചെറിയ കുട്ടികളെയും യുക്തികൾ പഠിപ്പിക്കൂ, എങ്കിൽ എല്ലാവരും നന്ദി അറിയിക്കും. ബ്രഹ്മാകുമാരൻമാരും-കുമാരിമാരുടേതും അദ്ഭുതമാണ്, ചെറിയ കുട്ടികൾ പോലും സന്യാസിമാർക്കും പോലും നൽകാനാകാത്ത എത്ര ജ്ഞാനമാണ് നൽകുന്നത്. ചിലവില്ലാതെ വസ്തു ലഭിക്കുകയാണെങ്കിൽ മനസ്സിലാക്കും ഇവർ നമ്മുടെ മംഗളത്തിനായാണ് നൽകുന്നത്. പറയൂ, ഇത് സൗജന്യമാണ്. താങ്കൾ ശരിക്ക് വായിക്കൂ, ഇതിലൂടെ നിങ്ങളുടെ മംഗളമുണ്ടാക്കൂ. ശിവബാബ ഭോലാ ഭണ്ഢാരിയല്ല. ധാരാളം കുട്ടികളുണ്ട്. ബാബയ്ക്ക് പണത്തിന്റെ എന്താവശ്യമാണുള്ളത്. *ട്രെയ്നിലും* നിങ്ങൾക്ക് വളരെയധികം സേവനം ചെയ്യാൻ സാധിക്കും. നല്ല വ്യക്തിയെ കാണുകയാണെങ്കിൽ ഉടനെ തന്നെ മനസ്സിലാക്കി കൊടുത്ത് ചിത്രം നൽകണം. പറയൂ നിങ്ങൾ നിങ്ങളുടെ മംഗളവും ചെയ്യൂ ഒപ്പം മറ്റുള്ളവരുടെ മംഗളവും ചെയ്യണം. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) ഒരു കർമ്മവും നിയമ വിരുദ്ധമായി ചെയ്യരുത്. വളരെ-വളരെ നിരഹങ്കാരിയും, നിർമ്മോഹിയുമായി കഴിയണം. എത്രത്തോളം സാധിക്കുമോ ഓരോ കാര്യവും തന്റെ കൈകൾ കൊണ്ട് തന്നെ ചെയ്യണം. യജ്ഞത്തിന്റെ സേവനം വളരെ സന്തോഷത്തോടെ ചെയ്യണം.

2) പഠിത്തത്തിൽ ഒരിക്കലും ഒഴിവ് കഴിവ് പറയരുത്. രോഗത്തിലും തീർച്ചയായും പഠിക്കണം. ഉത്സാഹത്തിൽ കഴിയുന്നതിന് വേണ്ടി സേവനത്തിനുള്ള താത്പര്യം വെയ്ക്കണം.

**വരദാനം:-ജ്ഞാനത്തിന്റെ ലൈറ്റ്-മൈറ്റിലൂടെ വിഘ്ന വിനാശകരാകുന്ന മാസ്റ്റർ നോളേജ്ഫുൾ ആയി ഭവിക്കട്ടെ.**

ഭക്തി മാർഗ്ഗത്തിൽ ഗണേശനെ വിഘ്ന വിനാശകനെന്ന് സങ്കൽപ്പിച്ച് പൂജിക്കുന്നു, അതോടൊപ്പം മാസ്റ്റർ നോളേജ്ഫുൾ അർത്ഥം വിദ്യാപതിയായും മാനിക്കുന്നു. അതിനാൽ ഏത് കുട്ടികളാണോ മാസ്റ്റർ നോളേജ്ഫുൾ ആകുന്നത് അവർ ഒരിക്കലും വിഘ്നങ്ങളിൽ തോൽവിയടയുകയില്ല, എന്തുകൊണ്ടെന്നാൽ ജ്ഞാനത്തെ ലൈറ്റ്-മൈറ്റ് എന്ന് പറയുന്നു, അതിലൂടെ ലക്ഷ്യത്തിലെത്തിച്ചേരുക സഹജമായി മാറുന്നു. അതേപോലെ ആരാണോ വിഘ്ന വിനാശകർ, ബാബയോടൊപ്പം സദാ കമ്പൈന്റായിരുന്നു കൊണ്ട് ജ്ഞാനത്തെ സ്മരിച്ചുകൊണ്ടിരിക്കുന്നവർ, അവർ ഒരിക്കലും വിഘ്നത്തിൽ തോൽക്കുന്നവരായിരിക്കുകയില്ല.

**സ്ലോഗൻ:- അകത്തും പുറത്തും എന്ത് അവഗുണങ്ങളുണ്ടോ അവയെ പൂർണ്ണമായി വിൽ(നിശ്ചയ പത്രം) ചെയ്യൂ എങ്കിൽ വിൽ-പവർ(ഇച്ഛാശക്തി) വന്ന് ചേരും.**